## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1604** **14-12-2012 - ലെ മറുപടിയ്ക്ക്**

# ഇടുക്കി പാക്കേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>,, എസ്. രാജേന്ദ്രൻ<br>,, കെ. സുരേഷ് കുറുപ്പ്<br>,, രാജു എബ്രാഹാം | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ സമഗ്ര കാർഷിക വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഇടുക്കി പാക്കേജിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) പ്രൊഫ. എം.എസ്.സ്വാമിനാഥൻ ശുപാർശ ചെയ്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇടുക്കി പാക്കേജിന് കേന്ദ്ര സർക്കാർ അനുമതി നൽകിയത്. ടി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള വിവിധ പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള സ്കീമുകളുടെ മാനദണ്ഡങ്ങൾക്കനുസൃതമായി വിശദമായ ഡി.പി.ആർ തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കണമെന്ന നിബന്ധനയിലാണ് അനുമതി നൽകിയത്. 50 ലക്ഷത്തിന് താഴെ ചെലവു വരുന്ന പ്രവൃത്തികളുടെ ഫണ്ട് സംസ്ഥാന സർക്കാർ വഹിക്കണമെന്ന നിബന്ധനയിലാണ് അനുമതി ലഭിച്ചത്.<br>ഇടുക്കി പാക്കേജിന്റെ നിർവ്വഹണത്തിനായി 3 കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഇടുക്കി ഐശ്വര്യ സമിതിയിൽ പദ്ധതികളുടെ അവലോകനം, നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളൽ തുടങ്ങിയവ ചെയ്യുന്നു.<br>ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇടുക്കി കർമ്മ സമിതി എല്ലാ കമ്മോഡിറ്റി ബോർഡുകളേയും പദ്ധതി നടപ്പിലാക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് പദ്ധതി നിർവ്വഹണം സുഗമമാക്കുന്നു.<br>കാർഷികോൽപാദന കമ്മീഷണർ അദ്ധ്യക്ഷനായ 3-ാ മത്തെ കമ്മിറ്റി വിവിധ നിർവ്വഹണ വകുപ്പുകളുടെ ഏകോപനവും പദ്ധതി നടത്തിപ്പിലുള്ള പുരോഗതി അവലോകനം സാദ്ധ്യമാക്കുന്നു. |

പാക്കേജിന്റെ സുഗമമായ നിർവ്വഹണത്തിനായി കുട്ടനാട് പാക്കേജ് പ്രോജക്ട് ഓഫീസർക്ക് അധിക ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) മൊത്തം എന്തു തുകയുടെ പാക്കേജാണ് കേന്ദ്രം അനുവദിച്ചത്; അനുവദിച്ച തീയതി ഏതാണ്; നിർമ്മാണം ആരംഭിച്ചത് എപ്പോഴാണ്; പാക്കേജ് പ്രകാരം പദ്ധതി പ്രവർത്തനം അവസാനിപ്പിക്കേണ്ടത് ഏത് തീയതിയിലാണ്; വ്യക്തമാക്കുമോ;

(ബി) പ്രൊഫ. എം.എസ്.സ്വാമിനാഥൻ സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ 764.45 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള പ്രവൃത്തികൾക്കാണ് ഇടുക്കി പാക്കേജിൽ കേന്ദ്ര സർക്കാർ തത്ത്വത്തിൽ അംഗീകാരം നൽകിയത്. 2008 നവംബർ 8 നാണ് പാക്കേജിന് അനുമതി ലഭിച്ചത്. 2008 സെപ്റ്റംബർ 22,23 എന്നീ തീയതികളിൽ ബഹു. എം.പി. ശ്രീ. പി.റ്റി.തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ Workshop ൽ ടി പദ്ധതികൾ ചർച്ച ചെയ്ത് അന്തിമ അംഗീകാരം നൽകുകയുണ്ടായി. അഞ്ച് വർഷത്തേയ്ക്കാണ് പാക്കേജിന്റെ കാലാവധി.

(സി) പ്രസ്തുത പാക്കേജിന്റെ ഭാഗമായുള്ള പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) പദ്ധതികളുടെ നിലവിലുള്ള അവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

(ഡി) കാർഷിക വിദഗ്ദ്ധൻ ശ്രീ. എം.എസ് സ്വാമിനാഥൻ എത്ര പദ്ധതികൾക്കായി മൊത്തം എന്തു തുക ശുപാർശ ചെയ്തിട്ടുണ്ടായിരുന്നു; പ്രസ്തുത തുക മുഴുവനും നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; ശുപാർശ ചെയ്ത തുകയിൽ ഇനിയും നേടിയെടുക്കാൻ ബാക്കിയുള്ള പദ്ധതികളും തുകയും എത്ര; വ്യക്തമാക്കുമോ;

(ഡി) കാർഷിക വിദഗ്ദ്ധൻ ശ്രീ എം.എസ്.സ്വാമിനാഥൻ 53 പദ്ധതികൾക്കായി മൊത്തം 764.45 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ശുപാർശ ചെയ്തിട്ടുണ്ടായിരുന്നത്. ടി 53 പദ്ധതികൾക്കായി 764.45 കോടി രൂപ, 2008 നവംബർ 8 ന് തത്ത്വത്തിൽ കേന്ദ്ര സർക്കാർ അനുമതി നൽകുകയും ചെയ്തു.

(ഇ) കേന്ദ്രം അനുവദിച്ച സമയത്തിനകം അനുവദിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിനും അവശേഷിക്കുന്നവ നേടിയെടുക്കുന്നതിനും സാദ്ധ്യമാണോ; വിശദമാക്കുമോ?

(ഇ) കേന്ദ്രം അനുവദിച്ച സമയത്തിനകം അംഗീകാരം ലഭിച്ച പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ബഹു. കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ട്. 23-05-12 ന് ഇടുക്കി ഐശ്വര്യ സമിതി യോഗം ചേരുകയും അതിനോടനുബന്ധിച്ച് കളക്ടർമാരുടെയും വകുപ്പ് തലവൻമാരുടെയും യോഗം ചേർന്ന് വിവിധ വകുപ്പുകളിലായി നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനവും, പദ്ധതി

നടത്തിപ്പിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

കൂടാതെ 04-11-12 ന് സെക്രട്ടറി (ADF) ന്റെ അദ്ധ്യക്ഷതയിൽ കൂടിയ എംപവേർഡ് കമ്മിറ്റിയിൽ ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്താനായി പുതുക്കിയ പ്രൊപ്പോസൽ സംസ്ഥാന സർക്കാർ സമർപ്പിച്ചു. 9 ഘടകങ്ങൾക്കായി 91.15 കോടി രൂപയാണ് ബഡ്ജറ്റ്. 13-09-12 ൽ കൂടിയ മുൻ എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശത്തിനനുസൃതമായിട്ടാണ് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമനം | വകുപ്പ് | പ്രോജക്ട് | ഡി .പി.ആർ തുക | അനുവദിച്ച തുക | ലഭ്യമായ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| | | | കോടിയിൽ | | | |
| 1 | കൃഷി വകുപ്പ് | കട്ടപ്പന, കുമളി, അടിമാലി എന്നിവിടങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബ് തുടങ്ങുന്നതിന് | 2.20 | - | - | - |
| | | മറയൂർ കന്തല്ലൂർ പഞ്ചായത്തുകളുൽ കരിമ്പുകൃഷി, പുതുകൃഷിക്കും പുനകൃഷിക്കുമായി | 5.18 | 1.35 | 0.3 | 0.21 |
| | | തെങ്ങ് കൃഷി വികസനം | 10 | 1.62 | 1.62 | 0.44 |
| | | വട്ടവട, കന്തല്ലൂർ പഞ്ചായത്തുകളുൽ ശീതകാല പച്ചക്കറി, പഴവർഗ്ഗ കൃഷിക്കായി | 26.4 | 17.7 | 2.36 | .5809 |
| 2 | മൈനർ ഇറിഗേഷൻ | 46 ചെക്ക്ഡാം നിർമ്മാണത്തിനായി | 26 | 11.6 | 11.6 | 7.09 |
| 3 | മൃഗസംരക്ഷണം | കന്നുകാലി വികസന പദ്ധതി | 20.25 | 20.25 | 4 | 3.2 |
| | | ആടുകളുടെ വിതരണ പദ്ധതി | 7.36 | 3.68 | 3.68 | 0.35 |
| | | കേരളാ ഫീഡ്സ് 5 നിൽമാ | 8.5 | 3.66 | 3.66 | 3.66 |

11

| | | | | | | |
|---|---|---|---|---|---|---|
| 4 | ഫിഷറീസ് | ഡാമുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്ന പദ്ധതി | 1.4 | 1.4 | 0.467 | 0.4041 |
| 5 | സ്പൈസസ് ബോർഡ് | ഏലം, കുരുമുളക് കൃഷിക്കും, പുനരുദ്ധാരണത്തിനുമായി | 171.07 | 169.81 | 74.653 | 55.535 |
| 6 | ടീ. ബോർഡ് | തേയില കൃഷിക്കും പുനരുദ്ധാരണത്തിനും | 30.0 | 6.7 | 6.7 | 6.7 |
| 7 | കോഫീ ബോർഡ് | കാപ്പി കൃഷിക്കും പുനരുദ്ധാരണത്തിനും | 5.65 | 0.66 | 0.66 | 0.50 |
| 8 | VFPCK | കാർഷിക വിളകളുടെ ഗ്രാമീണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് | 2.59 | 0.49 | 0.49 | 0.395 |
| 9 | സോയിൽ കൺസർവേഷൻ | മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്കായി | 80 | – | – | – |
| | | | 396.6 | 238.92 | 110.19 | 79.07 |